–

ഭരണഭാഷ- മാതൃഭാഷ

**നം.E131391 TRY/250/2025-E2**

ട്രഷറി ഡയറക്ടറേറ്റ്

തിരുവനന്തപുരം,

തീയതി: 23-01-2025

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-വെയ്സ് & മീൻസ് പരിധി മറികടക്കുന്നതിനായി പേയ്മെന്റുകൾ (ബില്ലുകൾ/ചെക്കുകൾ) വിഭജിച്ച് നൽകുന്നത്-ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തൽ-തുടർ നിർദ്ദേശം-സംബന്ധിച്ച്.

സൂചന: 1. സർക്കാരിൽ നിന്നുള്ള 3/01/2025-ലെ SS-1/441/2024 -ധന. (2936227 ) നമ്പർ കത്ത്

2. സ.ഉ.(അച്ചടി) നം.27/2023/ധന. തീയതി 24/03/2023

3. ഈ കാര്യാലയത്തിൽ നിന്നുള്ള 27/03/2023-ലെ TRY/973/2023-E2 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ട്രഷറി ഇടപാടുകൾ നിയന്ത്രണ വിധേയമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഏർപ്പെടുത്തുന്ന വെയ്സ് & മീൻസ് നിയന്ത്രണം മറികടക്കുന്നതിനായി വിവിധ സ്ഥാപനങ്ങളും ഓഫീസുകളും തുകകൾ വിഭജിച്ച് നൽകുന്നതായി ട്രഷറികളിൽ നടത്തിയ പരിശോധകളിൽ ബോധ്യമായിട്ടുണ്ടെന്നും ഇപ്രകാരം ട്രഷറികളിൽ സമർപ്പിക്കുന്ന ബില്ലുകളിൽ/ചെക്കുകളിൽ വെയ്സ് & മീൻസ്

ക്ലിയറൻസ് ലഭിച്ചതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കേണ്ടതുള്ളൂവെന്നും ഒരു ഓഫീസിൽ/സ്ഥാപനത്തിൽ നിന്ന് ഒരേ ശീർഷകത്തിൽ അടുത്തടുത്ത ദിവസങ്ങളിൽ ഒരേ നടപടിക്രമം ഉപയോഗിച്ച് സമർപ്പിക്കുന്ന ബില്ലുകൾ ട്രഷറി ഓഫീസർമാർ വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ അനുവദിക്കേണ്ടതുള്ളൂവെന്ന ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശിപാർശയിൽ തുടർ നടപടി സ്വീകരിക്കുവാൻ സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ചിട്ടുള്ള വെയ്സ് & മീൻസ് പരിധിക്ക് മുകളിലുള്ള ഏത് പേയ്മെന്റിനും ധനകാര്യ വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് ആവശ്യമാണെന്നിക്കെ വെയ്സ് & മീൻസ് പരിധി മറികടക്കുക എന്ന ബോധപൂർവ്വമായ ഉദ്ദേശ്യത്തോടുകൂടി വർക്ക്/പർച്ചേസ് പേയ്മെന്റ് ബില്ലുകൾ/ചെക്കുകൾ വിഭജിച്ച് വിവിധ ഓഫീസുകൾ ട്രഷറിയിൽ സമർപ്പിക്കുന്നത് തടയുന്നതുമായി ബന്ധപ്പെട്ട് സൂചന (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും സൂചന (3) പ്രകാരം ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ട്രഷറിയിൽ സമർപ്പിക്കുന്ന പാർട്ട് ബില്ലുകളോടോപ്പമുള്ള നടപടിക്രമത്തിൽ പാർട്ട് ബിൽ സമർപ്പിക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കിയിരിക്കേണ്ടതാണെന്നും ബില്ലുകൾ മാറുന്നതിനുവേണ്ട ആധികാരിക രേഖകളും വൗച്ചറുകളും നടപടിക്രമത്തിനൊപ്പം സമർപ്പിക്കേണ്ടതാണെന്നും അത്തരം ബില്ലുകൾ മാത്രമേ ട്രഷറികളിൽ നിന്നും പാസ്സാക്കി നൽകാൻ പാടുള്ളൂവെന്നും നിലവിലുള്ള വെയ്സ് & മീൻസ് നിയന്ത്രണങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പാസ്സാക്കി നൽകാവുന്നവ മാത്രം പാസ്സാക്കി നൽകേണ്ടതാണെന്നും സംശയമുള്ള ബില്ലുകളുടെ കാര്യത്തിൽ വ്യക്തതക്കായി ധനകാര്യ വകുപ്പിനെ സമീപിക്കാൻ ബന്ധപ്പെട്ട ഡി.ഡി.ഒ-യോട് ആവശ്യപ്പെടേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

**ഒരു ഓഫീസിൽ/സ്ഥാപനത്തിൽ നിന്ന് ഒരേ ശീർഷകത്തിൽ ഒരേ ദിവസം തന്നെയോ അടുത്തടുത്ത ദിവസങ്ങളിലോ ഒരേ നടപടിക്രമം ഉപയോഗിച്ച് സമർപ്പിക്കുന്ന ബില്ലുകളിന്മേൽ** ട്രഷറി ഓഫീസർമാർ വിശദമായ പരിശോധന നടത്തേണ്ടതും ആയത് ക്രമപ്രകാരമാണെങ്കിൽ മാത്രം പാസ്സാക്കി നൽകേണ്ടതുമാണ്. തുക വിഭജിച്ച് സമർപ്പിക്കുന്ന ബില്ലുകൾ ഒബ്ജക്റ്റ് ചെയ്ത് നൽകേണ്ടതും വെയ്സ് & മീൻസ് ക്ലിയറൻസ് ലഭ്യമാക്കുവാൻ ആവശ്യപ്പെടേണ്ടതുമാണ്.

മേൽ നിർദ്ദേശം ട്രഷറി ഓഫീസർമാർ കർശനമായി പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

Signed by
Sajan V
Date: 23-01-2025 14:17:10

V SAJAN

DIRECTOR

Directorate of Treasuries, Pattom, Pattom Palace. P.O, Thiruvananthapuram, Kerala 695004
Website: www.treasury.kerala.gov.in, Email:treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229